**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 1503 — 02/07/2015-ൽ മറുപടിയ്ക്ക്

## വിഷം കലർന്ന പച്ചക്കറി ഇറക്കുമതി തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) തമിഴ് നാട്ടിൽ നിന്നും വരുന്ന വിഷം തീണ്ടിയ പച്ചക്കറികളും പഴവർഗ്ഗങ്ങളും കഴിച്ച് കേരളീയർ അർബുദം ഉടങ്ങിയ മാരക രോഗങ്ങൾക്ക് അടിമപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ഇതു തടയുന്നതിനായി കൃഷി വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം; | ബി) കീടനാശിനികളുടെയും മറ്റു രാസവസ്തുക്കളുടെയും അമിതമായ ഉപയോഗം തടയുന്നതിന് സംയോജിത കീടരോഗ പരിപാലനത്തെക്കുറിച്ച് കർഷകർക്ക് ബോധവത്കരണം വിവിധ ട്രെയിനിംഗ് മുഖേന നല്കുന്നുണ്ട്. ജൈവകൃഷിയുടെ പ്രാധാന്യവും ആവശ്യകതയും മനസ്സിലാക്കുന്നതിനും ജൈവകൃഷി വ്യാപിപ്പിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാനത്തെ എല്ലാ കൃഷി ഭവനുകളിലും കാർഷിക വികസന സമിതികൾ കൂടി ജൈവകൃഷി നടപ്പിലാക്കുന്നതിനെക്കുറിച്ചും ആവശ്യമായ വിവര ശേഖരണം നടത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. മിക്കവാറും എല്ലാ നിയോജക മണ്ഡലങ്ങളിലും അതതു പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന കർമ്മ പരിപാടികളെക്കുറിച്ചാലോചിയ്ക്കുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ-മാരുടെ അദ്ധ്യക്ഷതയിൽ യോഗങ്ങൾ നടത്തി യോഗ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് പദ്ധതി തയ്യാറാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. പച്ചക്കറികളിലെ രാസകീടനാശിനി അവശിഷ്ടം പരിശോധിക്കുന്നതിന് കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിയ്ക്കുന്ന കീട നാശിനി അവശിഷ്ട പരിശോധന ലബോറട്ടറിയിൽ സംവിധാനമുണ്ട്. തിരുവനന്തപുരം, കോട്ടയം, എറണാകുളം, കാസർഗോഡ് നഗരങ്ങളിലെ പച്ചക്കറികടകൾ, സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ച പച്ചക്കറികൾ പരിശോധന നടത്തി ഫലം സർക്കാർ ഔദ്യോഗിക പോർട്ടലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

(സി) ഓരോ വീട്ടിലും ജൈവവള പച്ചക്കറി പ്രോത്സാഹിപ്പിക്കുന്നതിനായി വിത്തും വളവും കൃഷി ഓഫീസുകൾ മുഖേന സൗജന്യമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) 2015-16-ലെ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന ഘടകങ്ങൾ നടപ്പിലാക്കി വരുന്നു.

(1) വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിനായി 20 രൂപ വില വരുന്ന 5-6 ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ വിത്തുപാക്കറ്റുകൾ സ്കൂളുകൾ മുഖേന വിദ്യാർത്ഥികൾക്ക് സൗജന്യമായി നൽകുന്നു. 50 ലക്ഷം വിദ്യാർത്ഥികൾക്കാണ് ഇത്തരത്തിൽ വിത്ത് നൽകുന്നത്.

(2) വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി വീട്ടമ്മമാർക്ക് കൃഷിഭവനുകൾ മുഖേന 20 രൂപ വില വരുന്ന 5 ലക്ഷം വിത്തു പാക്കറ്റുകൾ സൗജന്യമായി നൽകുന്നു. 5 ലക്ഷം വീട്ടമ്മമാർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്.

(3) മട്ടുപ്പാവിലെ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി വിവിധ ഇനം പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 25 ഗ്രോബാഗുകൾ വീതം 28334 ഗുണഭോക്താക്കൾക്ക് കൃഷിക്കായി നൽകുന്നു. 2000 രൂപ വില വരുന്ന ഗ്രോബാഗ് യൂണിറ്റുകൾ 1500 രൂപ സബ്സിഡിയോടെയാണ് നൽകുന്നത്. ആവശ്യക്കാർ 500 രൂപ ഗുണഭോക്തൃ വിഹിതം അടച്ച് കൃഷിഭവനിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടാതെ മുൻവർഷങ്ങളിൽ കൃഷിക്കായി നൽകിയ ഗ്രോബാഗുകൾ വീണ്ടും കൃഷി യോഗ്യമാക്കുന്നതിന് ആവശ്യമായ വിത്ത്, വളം, തൈകൾ എന്നിവയ്ക്കും സഹായം നൽകുന്നുണ്ട്.

(4) കൂടാതെ വിട്ടുവളപ്പിൽ കൃഷി ചെയ്യാനായി മലയാള മനോരമ, മാതൃഭൂമി തുടങ്ങിയ മാദ്ധ്യമങ്ങൾ മുഖേന 5 ലക്ഷം വിത്തു പാക്കറ്റുകളും ഗവൺമെന്റ് ഇതര സംഘടനകൾ മുഖേന 4 ലക്ഷം വിത്തു പാക്കറ്റുകളും സൗജന്യമായി നൽകുന്നു. 20 രൂപ വിലയുള്ള വിത്തു പാക്കറ്റുകളാണ് ഇപ്രകാരം നൽകുന്നത്.

സെക്ഷൻ ഓഫീസർ